പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 169 | 25.03.2013 ൽ മറുപടിക്ക്

## ഔദ്യോഗിക കൃത്യനിർവ്വഹണ വീഴ്ചയ്ക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീമതി കെ.കെ. ലതിക<br>,, പി. അയിഷാപോറ്റി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പീഡനങ്ങൾക്കിരയാവുന്ന സ്ത്രീകളുടെ പരാതികളിന്മേൽ ഉത്തരവാദപ്പെട്ടവർ കടമ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ നൽകാവുന്ന പരമാവധി ശിക്ഷ എന്താണ്; ഇത് വർദ്ധിപ്പിക്കാനോ ലഘൂകരിക്കാനോ ഉദ്ദേശമുണ്ടോ; | (എ) പീഡനങ്ങൾക്കിരയാവുന്ന സ്ത്രീകളുടെ പരാതികളിന്മേൽ ഉത്തരവാദപ്പെട്ടവർ കടമ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ഉൾപ്പെടെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ 2013 ലെ ക്രിമിനൽ നിയമ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഇന്ത്യൻ ശിക്ഷാനിയമത്തിൽ പുതിയതായി ഉൾക്കൊള്ളിച്ച 166 A എന്ന വകുപ്പ് പ്രകാരവും ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വീഴ്ച വരുത്തുന്ന സർക്കാർ ഉദ്യോഗസ്ഥനെ ഒരു വർഷത്തെ തടവോ, പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതാണെന്ന് പ്രസ്തുത വകുപ്പിൽ അനുശാസിച്ചിരിക്കുന്നു. ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി കരുതുന്നുണ്ടോ; | (ബി) കാസറഗോഡ് ജില്ലയിൽ ഇത്തരം ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പീഡനത്തിനിരയായ പട്ടികവർഗ്ഗത്തിൽപ്പെട്ട സാവിത്രി എന്ന യുവതിയുടെ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്യാതിരുന്ന കാസർഗോഡ് രാജപുരം പോലീസ് സ്റ്റേഷനിലെ എസ്.ഐ. |

ആയിരുന്ന കൃഷ്ണൻ കെ. എന്ന യാളെ 2-ാം പ്രതിയാക്കി അതേ സ്റ്റേഷനിൽ ക്രൈം നം. 64/12 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ അദ്ദേഹത്തെ കുറ്റവിമുക്തനാക്കിക്കൊണ്ട് ഹോസ്ദുർഗ്ഗ് ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(സി) പീഡനത്തിനിരയാകുന്നവരുടെ കാര്യത്തിൽ ചുമതലാബോധം കാണിക്കാത്തവരുടെ ശിക്ഷ സംബന്ധിച്ച് ക്രിമിനൽ ലാ (അമന്റ്മെന്റ്) ഓർഡിനൻസിലെ പുതിയ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഇതു സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ ?

(സി) യും (ഡി) യും } നിയമത്തിൽ അനുശാസിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിലോ അന്വേഷണത്തിലോ വീഴ്ച വരുത്തുകയോ 1973 ലെ ക്രിമിനൽ നടപടി നിയമസംഹിത 154-ാം വകുപ്പ് പ്രകാരമോ ഇന്ത്യൻ ശിക്ഷാനിയമം 354, 354 A, 354 B, 354 C, 354 D യുടെ 2-ാം ഉപവകുപ്പ്, 376, 376 A, 376 B, 376 C, 376 D, 376 E എന്നീ വകുപ്പുകളിൽ വിവക്ഷിക്കും പ്രകാരമോ ഉള്ള പരാതികളിൽ ഏതെങ്കിലും വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥനെ ഒരു വർഷത്തെ തടവോ, പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതാണെന്ന് 2013 ലെ ക്രിമിനൽ നിയമ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഇന്ത്യൻ ശിക്ഷാ നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 166 A വകുപ്പിൽ വിവക്ഷിച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ